നെതിരെ കേസിനുപോയി. റീടെണ്ടർ ചെയ്യാനുള്ള ഉത്തരവായി. ഇപ്പോൾ ടെണ്ടർ കമ്മിറ്റി അംഗീകാരം കൊടുത്തു. കൺസ്ട്രക്ഷൻ കോർപ്പറേഷന് 16.3.1999-ൽ സെലക്ഷൻ നോട്ടീസ് കൊടുത്തുകഴിഞ്ഞു. ഇനി അവർ എഗ്രിമെന്റ് വച്ച് പണി തുടങ്ങിയാൽ മതി. ഒന്നുകൂടി പരിശോധിച്ചിട്ട് അടിയന്തിരനടപടികൾ സ്വീകരിക്കുന്നതാണ്.

6. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലെ മൂത്രപ്പുരകളുടെ ശോച്യാവസ്ഥ

ശ്രീ. ടി.കെ. നൗഷാദ് : സർ, കേരളീയർ പൊതുവെ വൃത്തിയും ശുദ്ധിയുമുള്ളവരാണ്. ആരോഗ്യപരിപാലനത്തിന്റെ കാര്യത്തിൽ വളരെയധികം മുന്നിൽ നിൽക്കുന്നവരാണ്. കേരളത്തിലെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലെ മൂത്രപ്പുരകളിലേക്കൊന്നും തന്നെ കടക്കാൻ കഴിയാത്ത അവസ്ഥയാണ്. ഇത് യാത്രക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്ന സ്ഥിതിയാണ്. യാത്രക്കാരിൽനിന്നും എന്തെങ്കിലും പൈസ വാങ്ങിച്ചാലും പ്രശ്നമില്ല, ഇക്കാര്യം ഗൗരവമായി എടുത്ത് മൂത്രപ്പുരകൾ വൃത്തിയായി സൂക്ഷിക്കാനും പൊട്ടിപ്പൊളിഞ്ഞ മൂത്രപ്പുരകൾ കേടുപാടുകൾ തീർത്ത് വൃത്തിയാക്കി സൂക്ഷിക്കുന്നതിനുമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, കേരളത്തിലെ കെ.എസ്.ആർ.ടി.സി. യുടെ എല്ലാ ഡിപ്പോകളിലെയും ജീവനക്കാരുടെയും യാത്രക്കാരുടെയും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. ഇത് വൃത്തിയായും ഉപയോഗയോഗ്യമായും സൂക്ഷിക്കുന്നതിന് കർശന നിർദ്ദേശമാണ് എല്ലാ യൂണിറ്റ് ഓഫീസർമാർക്കും നൽകിയിട്ടുള്ളത്. മൂത്രപ്പുരകളും മറ്റും വൃത്തിയായി സൂക്ഷിക്കുന്നതിന് സ്കാവെഞ്ചർ വിഭാഗത്തിലെ സ്ഥിരം ജീവനക്കാർ ഇല്ലെങ്കിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് ഇവ എല്ലാ ദിവസവും വൃത്തിയാക്കുന്നതിന് യൂണിറ്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സൗകര്യമുള്ള എല്ലാ യൂണിറ്റുകളിലും പണം കൊടുത്ത് ഉപയോഗിക്കാവുന്ന മൂത്രപ്പുരകൾ സജ്ജീകരിച്ചിട്ടുണ്ട്. ഇപ്പോൾ 29 യൂണിറ്റുകളിലാണ് പെയ്ഡ് യൂറിനലുകൾ പ്രവർത്തിക്കുന്നത്. ഇത്തരത്തിലുള്ള പെയ്ഡ് യൂറിനലുകളുടെ കരാർ നൽകുമ്പോൾ വൃത്തിയായി സൂക്ഷിക്കണമെന്ന വ്യവസ്ഥയിലാണ് കരാറുകാരന് കരാർ ഉറപ്പിച്ച് നൽകാറുള്ളത്. ഇതിൽ വീഴ്ചവരുത്തുന്ന കരാറുകാരന്റെ മേൽ നടപടി സ്വീകരിക്കുന്നതിനുള്ള സംവിധാനമുണ്ട്. അറ്റകുറ്റപ്പണികൾ ആവശ്യമാണെന്ന് യൂണിറ്റ് ഓഫീസർമാർ അറിയിക്കുന്നതിനെത്തുടർന്ന് മുൻഗണനാക്രമത്തിലും സാമ്പത്തിക ലഭ്യതാനുസൃതമായും പണികൾ നടത്തി മൂത്രപ്പുരകൾ ഉപയോഗയോഗ്യമാക്കാറുണ്ട്. ഇത്തരത്തിൽ കരുനാഗപ്പള്ളി യൂണിറ്റിലെ പണി തീർന്നു കഴിഞ്ഞു. എറണാകുളത്തും ചേർത്തലയിലും പണി പുരോഗമിച്ചു വരുന്നു. പൂവ്വാർ, മാവേലിക്കര, കാസർഗോഡ് എന്നീ യൂണിറ്റുകളിലെ പണി നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്. യൂണിറ്റ് ഓഫീസർമാർ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് പണികൾക്ക് ആവശ്യമായ സാമ്പത്തിക ലഭ്യത ഉറപ്പുവരുത്തുന്നതിനും അത് നടത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ പെയ്ഡ് യൂറിനലുകൾ ഏർപ്പെടുത്തിയപ്പോൾ ആദ്യം കുറച്ച് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ചി

LIBRARY ARCHIVES Kerala Legislative Assembly

രുന്നു. പിന്നീട് ആ സ്ഥിതിക്ക് മാറ്റം വന്നിട്ടുണ്ട്. അത് കുറെക്കൂടെ ഗൗരവ മായി എടുത്ത് പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നതാണ്.

7. പേരാമ്പ്ര മണ്ഡലത്തിലെ വനഭൂമി സംരക്ഷണം.

ശ്രീമതി എൻ.കെ. രാധ : സർ, പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ചെക്കിട്ടപ്പാറ പഞ്ചായത്തിൽ മുതുകാട് പ്രദേശത്ത് 400 ഏക്കർ വനഭൂമി പോബ്സൺ ഗ്രൂപ്പ് അവിടെ ഏലം വച്ചുപിടിക്കാനെന്ന വ്യാജേന മുഴുവൻ അടിക്കാടുകളും വെട്ടിനീക്കിയിരിക്കുകയാണ്. ഈ വിഷയം കഴിഞ്ഞ തവണ ഞാൻ അസംബ്ലിയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. അതിന്റെ ഭാഗമായി മന്ത്രി യുടെ ചേമ്പറിൽ ഉദ്യോഗസ്ഥൻമാരെയടക്കം വിളിച്ചുചേർത്തുകൊണ്ട് ഇക്കാര്യം ചർച്ച ചെയ്യപ്പെട്ടു. ഞാൻ അസംബ്ലിയിൽ ഉന്നയിച്ച മുഴുവൻ പ്രശ്ന ങ്ങളും 100 ശതമാനം ശരിയാണെന്ന് മനസ്സിലാവുകയും അതിന്റെ അടിസ്ഥാന ത്തിൽ മൂന്ന് ഉദ്യോഗസ്ഥൻമാരുടെമേൽ നടപടി വന്നിരിക്കുകയുമാണ്. ഇപ്പോൾ വീണ്ടും അവർ ഇതിനെയൊക്കെത്തന്നെ വെല്ലുവിളിച്ചുകൊണ്ട് അവിടെ കാപ്പിത്തോട്ടം വച്ചുപിടിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരി ക്കുകയാണ്. കാപ്പിയുടെ നേഴ്സറി അവിടെ തുടങ്ങിക്കഴിഞ്ഞു. അവർക്ക് അവിടെ താമസിക്കാനുള്ള ഷെഡ്ഡുകൾ കെട്ടിക്കഴിഞ്ഞിരിക്കുകയാണ്. വലിയ വിലപിടിപ്പുള്ള, നമ്പരിട്ട മരങ്ങളൊക്കെത്തന്നെ മുറിക്കാനുള്ള ശ്രമങ്ങൾ അവിടെ നടത്തിക്കഴിഞ്ഞിരിക്കുന്നു. ആ മരം വെട്ടിനശിപ്പിക്കപ്പെട്ടു കഴി ഞ്ഞാൽ അവിടെ പരിസ്ഥിതി പ്രശ്നമുണ്ടാകും. അതുപോലെതന്നെ പെരുവ ണ്ണാമൂഴി ഡാമിന്റെ സുരക്ഷിതത്വത്തെ അത് ബാധിക്കും. അതുപോലെതന്നെ റോഡുകൾ വെട്ടി മരങ്ങൾ കടത്തിക്കൊണ്ടു പോകാനുള്ള ശ്രമങ്ങളും നടത്തി ക്കൊണ്ടിരിക്കുന്നുണ്ട്. ഈ വനഭൂമി സംരക്ഷിക്കണമെന്നാണ് എനിക്ക് ബഹു മാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും നിർദ്ദേശിക്കാനുള്ളത്.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ): സർ, ശ്രീമതി എൻ.കെ. രാധ സൂചിപ്പിച്ചതുപോലെ ഈ സഭയിൽ ബഹുമാനപ്പെട്ട അംഗം ഇത്തരത്തിൽ ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. അന്ന് അങ്ങ് ഓർക്കുന്നുണ്ടാവും ഞാൻ ഡിപ്പാർട്ട്മെന്റ് എഴുതി തന്ന മറുപടി വായി ക്കാതെ അതിനെക്കുറിച്ച് അന്വേഷിക്കുന്നതാണെന്നു പറഞ്ഞു. ആ അന്വേഷ ണത്തിൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരുന്ന കാര്യങ്ങളെല്ലാം ശരിയാ ണെന്ന് ബോദ്ധ്യം വരികയും അതിന്റെ അടിസ്ഥാനത്തിൽ ചില നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ വീണ്ടും ചില ശ്രമങ്ങൾ നടക്കുന്നു എന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച സബ്മിഷനിലൂടെ മനസ്സി ലാക്കുന്നത്. സർ, കോഴിക്കോട് വനം ഡിവിഷൻ അതിർത്തിയിൽപ്പെട്ട പെരു വണ്ണാമൂഴി റെയിഞ്ചിൽ ചെക്കിട്ടപ്പാറ വില്ലേജിൽ 400 ഏക്കർ നിക്ഷിപ്ത വന ഭൂമി വിട്ടു കിട്ടണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എൻ.എം. അഹമ്മദ് കുട്ടി എന്ന യാൾ കോഴിക്കോട് ഫോറസ്റ്റ് ട്രൈബ്യൂണൽ മുമ്പാകെ ഒ.എ. 145/75 നമ്പ രായി ഫയൽ ചെയ്ത കേസിൽ ഈ സ്ഥലം ഏലത്തോട്ടമാണെന്നുള്ള ഹർജി ക്കാരന്റെ വാദം അംഗീകരിച്ചുകൊണ്ട് ഹർജിക്കാരന് അനുകൂലമായി 10.12.79-ൽ വിധിയുണ്ടായി. ഈ ഉത്തരവിനെതിരെ 149/80 നമ്പരായി ബഹുമാ നപ്പെട്ട ഹൈക്കോടതിയിൽ സർക്കാർ എം.എഫ്. ഫയൽ ചെയ്തു. 4.3.88-ൽ വിധി ഉണ്ടായതിനെത്തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ആർ.പി. 42/84 നമ്പരിൽ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തു. ഈ പെറ്റീഷൻ 31.7.89-ൽ ഹൈക്കോടതി തള്ളിക്കളഞ്ഞു. സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതി

LIBRARY ARCHIVES Kerala Legislative Assembly